

little KITEs
puthiya mukham
Little kites MHSS



# ആശംസ

**ലിറ്റിൽ കൈറ്റ്ന്റെ എല്ലാ പ്രവർത്തനങ്ങളും വളരെയധികം പ്രശംസാർഹമാണ് ക്ല്ബിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും വിജയാശംസകൾ**

Headmistress
Marykutty M Joseph

# 1

## ഉള്ളടക്കം

കഥ.....3
കളിക്കണം ശരിയായ കളി.....3
ചക്കരമാവ്.....6
പൊന്നോണത്തപ്പകെട്ട്.....7
തുമ്പ.....8
ചായങ്ങൾ.....12
മയിൽ.....14
ഉണ്ണിയപ്പം.....15
മൂന്ന കള്ളന്മാർ.....17
വേഗം വേഗം.....18
ഹായ് പാവ.....19
കുട്ടനും മണ്ണപ്പവും.....20
ABCD.....21

### കളിക്കണം ശരിയായ കളി

എനിക്ക് എട്ടോ ഒമ്പതോ വയസ്സുള്ള കാലത്താണ് അയൽക്കാരനും കൂട്ടുക്കാരനുമായ ഉണ്ണിയുടെ വല്യമ്മാവൻ സിംഗപ്പൂരിൽ നിന്നും വന്നത്. അഞ്ചും ആറും കൊല്ലത്തിൽ ഒരിക്കലെ ആ അമ്മാവൻ വരാറുള്ളു. അദ്ദേഹത്തിന്റെ വരവ്

വീട്ടുകാറും നാട്ടുകാർക്കും വളരെ ഉത്സവം തന്നെയാണ്.
ചുറ്റുവട്ടത്തുള്ള എല്ലാവർക്കും എന്തെങ്കിലും കൊണ്ടുവരും. അത് നാട്ടിൽ എങ്ങും കിട്ടാത്തതായിരിക്കും. ആതവണ ഉണ്ണിക്ക് കൊണ്ടുവന്ന് കൊടുത്ത ഒരു വാഹനം. കുറച്ച് അകലെവച്ച് അതിന് നേരെ കൈകൊട്ടിയാൽ അത് ഓടിതുടങ്ങുമെന്നാണ് അതിന്റെ സവിശേഷത. ഏറെ വേഗമൊന്നുമില്ല. പക്ഷേ വീണ്ടും കൈ കൊട്ടിയാൽ വണ്ടി നിൽക്കും. ഉണ്ണിയുടെ കൂട്ടുകാരായ ഞങ്ങളുടെ കണ്ണു തള്ളിപോയി.
ഇമ വെട്ടാതെ ഞങ്ങൾ ആ വണ്ടി നോക്കി നിന്നു. കൈക്കൊട്ടി കൊണ്ട് ഉണ്ണി യജമാനിത്തം ഉറപ്പിച്ചു. എന്നാലോ ഉണ്ണി അതിൽ തൊടാനോ കാണാനോ സമ്മതിച്ചില്ല.
ഞങ്ങളിൽ ഒരാൾ അറിയാതെ കൈക്കൊട്ടിയാൽ ഉണ്ണി എടുത്ത് കൊടത്ത്

അത് പെട്ടിയിൽ വെക്കാം. അങ്ങനെ ചെയ്തതുകൊണ്ട് കൂട്ടുകാർ അവനോടുള്ള ഫ്രണ്ട്ഷിപ്പ് ഉപേക്ഷിച്ചു. അങ്ങനെ ഇരിക്കെ ഉണ്ണിയുടെ കളിപ്പാട്ടം അലമാരയിൽ നിന്ന് എടുത്തപ്പോൾ നിലത്ത് വീണ് പൊട്ടി പോയി. കൂട്ടക്കാർ അവനെ ഇത് കണ്ട് കളിയാക്കി. അവനെ വളരെ വിഷമമായി. കൂട്ടക്കാരെ ഉപേക്ഷിച്ച് നമ്മൾ ഒരു കളിയും കളിക്കരുത്.

–അലക്സ് റോയി

# കഥ

## ചക്കരമാവ്

വെട്ടല്ലെ എന്റെ നാട്ടുമാവിനെ
വെട്ടിമാറ്റല്ലെ
എൻ പൊന്മാവിനെ
ഉറക്കെ ഞാൻ കരഞ്ഞപ്പോൾ
അമ്മ ചോദിച്ചു സ്വപനത്തിൽ
വല്ലതും കണ്ടുവോ നീ
ഒന്നും മിണ്ടാതെ ഓടി
ഞാൻ മുറ്റത്തേക്ക്
എന്നെ നോക്കി
ചിരിക്കുന്നെൻ ചക്കരമാവ്.

-അലക്സ്

**കവിത**

## പൊന്നോണത്തപ്പുകെട്ട്

ഒന്നാനാം കുന്നത്ത്-പൊന്നോണം വന്നേ

ഒന്നേ-ഒന്നേ തപ്പുകൊട്ട്!
മുണ്ടകപ്പാടത്ത്-പൊന്ന് വിളഞ്ഞേ
രണ്ടേ-രണ്ടേ തപ്പുകൊട്ട് !
മൂവാണ്ടൻ മാവില്-പൊന്നൂഞ്ഞാലിട്ടേ
മൂന്നേ-മൂന്നേ തപ്പുകൊട്ട് !
കോലത്തെ മുത്തശ്ശി-കോടിയുടുത്തേ
നാലേ-നാലേ തപ്പുകൊട്ട് !
കൊഞ്ചിക്കുഴഞ്ഞൊരു-കുമ്മാടി വന്നേ
അഞ്ചേ-അഞ്ചേ തപ്പുകൊട്ട് !

റോയി


### കവിത

## തുമ്പ



തുമ്പ പൂവേ  തുമ്പ പൂവേ
നിങ്ങൾ തുമ്പക്കുടങ്ങളല്ലേ
താഴേ തണലത്ത് താഴമ്പുകാറ്റത്ത്
തലോലമാടുന്നതെന്താണ് ?
പൊന്നോണമുണ്ണാനും പൂക്കളം കാണാനും
വന്നു മാവേലി മടങ്ങുമ്പോൾ ?

ALAN JOHN


Scanned Document2





43

# കവിത

## ചായങ്ങൾ

നീലക്കുയിലേ, നിന്നുടെ ചിറകിൽ
നീലം പൂശിയതരാണ് ?
ചോരപ്പൂവേ, നിന്നെയെങ്ങനെ
ചോരയിൽ മുക്കിയതാരാണ്?
കാവ്യരസത്തിന് കവികളിലാരോ
ചായം പൂശിയതാണല്ലോ
ഭാവനയിങ്ങനെ നൂറു നിറങ്ങൾ
വാരിപ്പൂശിയതാണല്ലോ.

NISTAL MARTIN



BY JOYAL

–

## കവിത

# മയിൽ

മയിലെ മയിലെ മയിലാളെ
പീലി വിടർത്തി ആടുന്നോ
മഴ വരുന്ന നേരത്താണോ
നിന്നുടെ ആട്ടം ചങ്ങാതി
തൊട്ടു നോക്കാൻ കൊതിയുണ്ട്
ചാരെ വന്നാൽ ഓടരുതെ
നിന്നെ തൊട്ടുതലോടാനായി
അരികത്തേക്ക് വന്നോട്ടെ.

–ജോസ്വിൻ കെ ഷാജി

# ഉണ്ണിയപ്പം



ഉണ്ണിക്കിഷ്ടമുളള  ഉണ്ണിയപ്പം
സുന്ദരമുളെളാരു ഉണ്ണിയപ്പം
ഉണ്ണി എന്ന വാക്കിൽ തന്നെ
സുന്ദരമുളെളാരു ഉണ്ണിയപ്പം
ഉണ്ണിപിറന്നനാട്ടിലെ
ഉണ്ണിയപ്പങ്ങളാണുഞങ്ങള് :

BILJO







# Annual day celebration





**മൂന്നു കള്ളന്മാർ**

*ഒരിക്കൽ മൂന്നു കള്ളന്മാർ മോഷണത്തിന് പോകാൻ തിരുമാനിച്ചു. പുഴയ്ക്ക് അക്കരെ ഉള്ള ഒരു വീട്ടിലാണ് മോഷ്ട്ടിക്കാൻ പോകേണ്ടത്. രാത്രയിൽ പുഴക്കടക്കാൻ ഒറ്റവഴിയെ ഒള്ളൂ.നിന്തി അക്കരെ കടക്കുക.മൂവരുടെയും കൈയ്യിൽ ഓരോ കത്തിയുണ്ട്. അതാണ് മോഷണത്തിനുള്ള ആയുധം, ഓരോ മുണ്ടു മാത്രമേ അവർ ഒടുത്തിട്ടൊള്ളൂ. അല്ലെങ്കിലും കള്ളന്മാർക്ക് കൂടുതൽ വസത്രമെന്തിനാണ്. മൂന്നു പേരും മുണ്ട് നനായാതിരിക്കാൻ അഴിച്ച് തലയിൽ കെട്ടി.ഇരുട്ടത്ത് നാണക്കേടൊന്നും നോക്കേണ്ട ആവ്വശ്യമില്ലല്ലോ. കത്തിസൂക്ഷിക്കാൻ സഥലമില്ലത്തിനാൽ കടച്ച് പിടിക്കുകയാണ് നിവർത്തി.പുഴ കുറച്ച് നിന്തികഴിഞ്ഞപ്പോൾ ഒന്നാമൻ പറഞ്ഞു ആരും വാതുറക്കരുത് പറഞ്ഞപ്പോൾ തന്നെ കത്തി വെള്ളത്തിൽ "ബ്ളും' എന്ന് വീണു. ഇതു കണ്ട രണ്ടാമൻ കളിയാക്കി. ഇയാളെന്ന് മണ്ടൻ പറഞ്ഞപ്പോഴെ കഞ്ഞി വെള്ളത്തിൽ വീണു. മൂന്നാമൻ കരയിലെക്ക് നിന്താൻ തുടങ്ങി നിന്തലിനിടെ മൂന്നാമൻ പറഞ്ഞു കരയെത്തിയെ ഞാൻ മിണ്ടു.കത്തി "ബ്ളും, അങ്ങനെ മോഷ്ട്ടിക്കനാവതെ കള്ളന്മാർ തിരിച്ചു പോയി.*

അശ്രിൻ

# കവിത

## വേഗം വേഗം

കുട്ടികൊമ്പാ
കുടവയറാ
കുട്ടികുമ്പ
നിറയ്ക്കണ്ടേ?
കുട്ടമ്മാവൻ
വരണണ്ട്
കുട്ടകനിറയെ
ചോറുണ്ട്
വേഗം വെട്ടി
വിഴുങ്ങിക്കോ
ഒറ്റക്കൊമ്പൻ
കാണാതെ!

-തോമസ്
-അൽജിൻ

# ഹായ് പാവ

ഒരു ദിവസം അമ്മു കൂട്ടുക്കാരി മീനിയുടെ വീട്ടിൽ പോയി.മീന അമ്മുവിൻെറ തൻെറ പുതിയ പാവ കാണിച്ചു."ഹായ്" അമ്മു പാവയെ തൊടാനായി കൈ നീട്ടി.
"വേണ്ട,ചെളി പറ്റും," മീന പറഞ്ഞു,അമ്മുവിനു സങ്കടമായി.അവൾ കരഞ്ഞു കൊണ്ടു വീട്ടിലെത്തി."ങ്ഹീ...“ങ്ഹീ... അന്നു വൈകിട്ട് അമ്മുവിൻെറ അച്ഛൻ എത്തിയപ്പോൾ കൈയ്യിൽ ഒരു പൊതിയുണ്ടായിരുന്നു.അമ്മു പൊതി തുറന്നു. അതാ,സുന്ദരിയായ പാവ!അഛൻ പാപക്ക് കീ കോടുത്തു.പാവ പാട്ടു പാടി ഡാൻസു ചെയ്യാൻ തുടങ്ങി.അതു കണ്ട് അമ്മു സന്തോഷം കൊണ്ട് തുള്ളിച്ചാടി.

അമ്മു ഒപ്പം പാട്ടു പാടി കളിച്ചു.

പാവ നല്ല പാവ
എൻെറ നല്ല പാവ
കീ കൊടുത്താൽ ആടും,
പാട്ടു പാടും പാവ"

-thomas joseph

**കവിത**

## ***കുട്ടനും മണ്ണപ്പവും***

**കിണ്ണം നിറയെ വെണ്ണയുമായി**
**തിണ്ണയിൽ വന്നു എൻ അമ്മ**
**കുട്ടനതിനേക്കാൾ ഇഷ്ടം**
**മണ്ണപ്പത്തിൻ രുചിയല്ലോ.**

**-ജോസ്വിൻ.കെ.ഷാജി**

# ABCD.....

ABCD വള്ളമിറക്കി
തിത്തിത്താരാ - തിത്തിത്തെയ്!
EFGH ഒത്തു തുഴഞ്ഞു
തിത്തിത്താരാ - തിത്തിത്തെയ്!
IJKL വലയുമെറിഞ്ഞു
തിത്തിത്താരാ - തിത്തിത്തെയ്!
MNOP ഒത്തു വലിച്ചു
തിത്തിത്താരാ - തിത്തിത്തെയ്!
QRST പൊക്കയെടുത്തു
തിത്തിത്താരാ - തിത്തിത്തെയ്!
UVW മീനുകളെണ്ണി
തിത്തിത്താരാ - തിത്തിത്തെയ്!
XYZ പങ്കു വച്ചു
തിത്തിത്താരാ - തിത്തിത്തെയ്!

-THOMAS




awards and trophy

